(ബി) വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ എക്സൈസ് വകുപ്പ് വളരെ ഗൗരവപൂർവ്വമാണ് പരിഗണിക്കുന്നത്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദുഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും പൊതുജനങ്ങളെയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ച വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾ തലങ്ങളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റുമായും കോളേജ് തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ നടപ്പിലാക്കുകയും 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും, 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ മദ്യമയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി., റെയിൽവേസ്റ്റേഷൻ സി.സി.ടി.വി.വഴിയുള്ള ബോധവൽക്കരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സൈഡ് പാനൽ വഴിയുള്ള പരസ്യം, കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, അട്ടപ്പാടി, വയനാട് എന്നീ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

(സി) ഇത്തരം പ്രവർത്തനങ്ങളിൽ നിലവിൽ സന്നദ്ധസംഘടനകളുടെയും, സർക്കാർ മാധ്യമങ്ങളുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പു വരുത്തുന്നുണ്ട്.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

81 (86) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്കൂൾ - കോളേജ് തലത്തിൽ എത്ര ലഹരി വിരുദ്ധ ക്ലബുകൾ ആരംഭിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി വിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു ;

(ഡി) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം ബിവറേജസ് കോർപ്പറേഷൻ എത്ര ലഹരി മുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ആകെ എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.-യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ നടപ്പിലാക്കുകയും 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും, 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖേന 3,42,07,184 രൂപയും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മുഖേന 21,96,831 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം മാറ്റിവച്ച 3.5 കോടി രൂപയിൽ നിന്നും സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന 11 ലഹരി വിമുക്ത ചികിത്സാകേന്ദ്രങ്ങൾക്കുമായി 1,00,35,840 രൂപ ധനസഹായം അനുവദിക്കുകയും അതിൽ നിന്നും 45,88,032 രൂപ വിതരണം ചെയ്തിട്ടുമുണ്ട്.

മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ

82 (87) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് നിലവിൽ ഉള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly